"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സംസ്ഥാന ഹജ്ജ് കമ്മറ്റി - ഗ്രാന്റ് -ഇൻ -എയ്ഡ് -ശമ്പളം- ശമ്പളേതരം -രണ്ടാം ഗഡു ഫണ്ട് റിലീസ് ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവാകുന്നു .

---

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

G.O.(Rt) No.5008/2024/GAD തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:- 1. 19.07.2024 തീയതിയിലെ സ.ഉ.(സാധാ) നം.3264/2024/GAD

2. കേരള സംസ്ഥാന ഹജ്ജ് കമ്മറ്റി അസിസ്റ്റന്റ് സെക്രട്ടറിയുടെ 04/09/2024 —ലെ H1-279/2023/KSHC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024 -25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള സംസ്ഥാന ഹജ് കമ്മിറ്റിക്ക് 2075-00-800-81-31- ഗ്രാന്റ് - ഇൻ - എയ്ഡ് ജനറൽ - ശമ്പളം (NP) എന്ന ശീർഷകത്തിൽ 36,57,000/--രൂപയും (മുപ്പത്തിയാറ് ലക്ഷത്തി അൻപത്തിയേഴായിരം രൂപ മാത്രം) 2075-00-800-81-36- ഗ്രാന്റ് - ഇൻ - എയ്ഡ് ജനറൽ— ശമ്പളേതര ഇനത്തിൽ 68,60,000/-രൂപയും (അറുപത്തിയെട്ടുലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ചേർത്ത് ആകെ 1,05,17,000/- ( ഒരുകോടി അഞ്ചു ലക്ഷത്തി പതിനേഴായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട് .

2) പരാമർശം ഒന്ന് പ്രകാരം ഒന്നാം ഗഡുവായി ശമ്പള ഇനത്തിൽ 7,31,400/- (ഏഴ് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ് രൂപ മാത്രം) രൂപയും ശമ്പളേതര ഇനത്തിൽ 13,72,000/-ലക്ഷം (പതിമൂന്ന് ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപ മാത്രം) രൂപയും ചേർത്ത് ആകെ 21,03,400/-(ഇരുപത്തിഒന്ന് ലക്ഷത്തി മൂവായിരത്തി നാന്നൂറ്) രൂപ ഫണ്ട് അനുവദിച്ചിരുന്നു.

3) 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കേരള സംസ്ഥാന ഹജ് കമ്മറ്റിക്ക് ശമ്പള ഇനത്തിൽ 36,21,000/- ( മുപ്പത്താറുലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപ മാത്രം) രൂപയും, ശമ്പളേതര ഇനത്തിൽ 68,60,000/-( അറുപത്തിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയും ചേർത്ത് ആകെ 1,04,81,000/- (ഒരുകോടി നാല് ലക്ഷത്തി എൺപത്തിയൊന്നായിരം രൂപ മാത്രം) രൂപ വകയിരുത്തിയിരുന്നു. ശമ്പളയിനത്തിൽ 23,53,650/- (ഇരുപത്തിമൂന്നു ലക്ഷത്തി അൻപത്തി മൂന്നായിരത്തി അറുന്നൂറ്റി അൻപത് രൂപ മാത്രം), ശമ്പളേതര ഇനത്തിൽ 44,59,000/-( നാല്പത്തിനാല് ലക്ഷത്തി അൻപത്തിയൊൻപതിനായിരം രൂപ മാത്രം) രൂപയും ചേർത്ത് ആകെ 68,12,650 /- ( അറുപത്തിയെട്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി അറുന്നൂറ്റിയമ്പത് രൂപാ മാത്രം ) രൂപ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ശമ്പള ഇനത്തിൽ ബജറ്റ് അലോക്കേഷന്

ശേഷം നിയമിതനായ എക്സിക്യൂട്ടീവ് ഓഫിസറുടെ ശമ്പളം അടക്കം 52,66,137/-(അമ്പത്തിരണ്ട് ലക്ഷത്തി അറുപത്താറായിരത്തി നൂറ്റിമുപ്പത്തിയേഴ് രൂപ മാത്രം) രൂപയും, ശമ്പളേതര ഇനത്തിൽ 44,59,000/-(നാല്പത്തിനാല് ലക്ഷത്തി അൻപത്തിയൊൻപതിനായിരം രൂപ മാത്രം) രൂപയും ചേർത്ത് ആകെ 97,25,137/-(തൊണ്ണൂറ്റി ഏഴ ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തിയേഴ് രൂപ ചെലവഴിച്ചതായും ശമ്പള ഇനത്തിൽ അധികമായി ചെലവഴിച്ച തുക ഹജ്കമ്മിറ്റി ഫണ്ടിൽ നിന്നും ലോൺ റീ ക്ലപ് അടിസ്ഥാനത്തിൽ എടുത്തിട്ടുള്ളതും ഫണ്ട് ലഭ്യമാകുന്ന മുറക്ക് തിരികെ അടവാക്കേണ്ടതുമാണ് എന്നും, പരാമർശം 2 പ്രകാരം ഹജ്ജ് കമ്മിറ്റി അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട് . കൂടാതെ ശമ്പളേതര ഇനത്തിൽ 2023-ഹജ് വോളന്റിയർമാരുടെ (ഖാദിമുൽ ഹുജ്ജാജ് ) ചെലവിനത്തിൽ 6,61,880/- (ആറു ലക്ഷത്തി അറുപത്തൊന്നായിരത്തി എണ്ണൂറ്റി എൺപത് രൂപ മാത്രം) രൂപ കൂടി കേന്ദ്ര ഹജ് കമ്മിറ്റിയ്ക്ക് അടവാക്കേണ്ടതുണ്ട് എന്നും, ആയതിനാൽ രണ്ടാം ഗഡുവായി ശമ്പള ഇനത്തിൽ 29,25,600/-(ഇരുപത്തൊൻപത് ലക്ഷത്തി ഇരുപത്തയ്യായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപയും ശമ്പളേതര ഇനത്തിൽ 54,88,000/-( അൻപത്തിനാല് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ മാത്രം) രൂപയും ചേർത്തു ആകെ 84,13,600/- (എൺപത്തിനാല് ലക്ഷത്തി പതിമൂന്നായിരത്തി അറുന്നൂറ് രൂപ മാത്രം) ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് പരാമർശം 2 - പ്രകാരം ഹജ് കമ്മിറ്റി അസിസ്റ്റന്റ് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നത് .

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് 2024 -25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിന്റെ രണ്ടാം ഗഡുവായി, 2075 -00 -800 -81 -31 സാലറി ശീർഷകത്തിൽ നിന്നും 10 ലക്ഷം (പത്ത് ലക്ഷം രൂപ മാത്രം) രൂപയും 2075 -00 -800 -81 -36 നോൺ സാലറി ശീർഷകത്തിൽ നിന്നും 15 ലക്ഷം ( പതിനഞ്ച് ലക്ഷം രൂപ മാത്രം ) രൂപയും റിലീസ് അനുവദിക്കാനും, ആയത് കൊണ്ടോട്ടി സബ് ട്രെഷറിയിൽ എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഹജ് കമ്മിറ്റിയുടെ പേരിലുള്ള ഗ്രാന്റ് - ഇൻ - എയ്ഡ് അക്കൗണ്ട് ആയ 799011400005497 - ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI M R

JOINT SECRETARY

1.എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഹജ് കമ്മിറ്റി, കോഴിക്കോട് എയർപോർട്ട്.പി.ഒ., മലപ്പുറം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
3. ജില്ലാ ട്രഷറി ഓഫീസർ , മലപ്പുറം
4. സബ്ട്രഷറി ഒഫീസർ, സബ്ട്രഷറി, സെക്രട്ടറിയേറ്റ്/കൊണ്ടോട്ടി, മലപ്പുറം.
5. ധനകാര്യ വകുപ്പ് ( vide WW1/95/2024-Fin dated 02/11/2024)
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ& പി ആർ ഡി.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba Beegom A M
Date: 13-11-2024 11:35:18

സെക്ഷൻ ഓഫീസർ